ഡോ. മോർ അത്താനാസ്സിയോസ്
ഏലിയാസ് മെത്രാപ്പോലീത്ത

**Dr. Mor Athanasius Elias Metropolitan**

യാക്കോബായ സുറിയാനി സഭ
**JACOBITE SYRIAN CHRISTIAN CHURCH**

Asst. Metropolitan: Thrissur Diocese
Patriarchal Vicar: State of Qatar
Working President: Antiochia Viswasa Samrakshana Samithy

No: PRD 107/2012 Date: 24-12-2012

ക്രിസ്തുമസ് സന്ദേശം:

# വീഥികൾ, വിചിന്തനങ്ങൾ

ഡോ. ഏലിയാസ് മോർ അത്താനാസ്സിയോസ് മെത്രാപ്പോലീത്ത

യാക്കോബായ സുറിയാനി സഭ - തൃശ്ശൂർ ഖത്തർ ഭദ്രാസന മെത്രാപ്പോലീത്ത

**ക്രി**സ്തുമസ്സിന്റെ വരവു നമ്മെ പെട്ടന്നു അറിയിക്കുന്നതു വീഥികളിലും ഭവനങ്ങളിലും അണിയിച്ചു ഒരുക്കുന്ന നക്ഷത്ര ദീപങ്ങളും, അലങ്കാര ബൾബുകളുമാണ്. ക്രിസ്തുമസ്, ആഘോഷങ്ങളേക്കാൾ ഉപരി നമ്മുടെ നാഥനും രക്ഷകനുമായ യേശു ക്രിസ്തുവിന്റെ രക്ഷാകരമായ ജനനത്തിന്റെ ഓർമ്മയും, അതുവഴി ക്രിസ്തുവിൽ നാം ആയിത്തീരേണ്ടതിന്റെ ആവശ്യകതയും വിളിച്ചോതുന്ന മഹാസുവിശേഷത്തിന്റെ പെരുന്നാളാണ്. അപ്പത്തിന്റെ ഭവനമായ ബേത്ലഹേമിൽ ‘‘ജീവന്റെ അപ്പമായ’’ (വി. യോഹ 6:51) ലോകരക്ഷിതാവായ ക്രിസ്തു ദേവൻ നമുക്കു വേണ്ടി പിറന്ന ദിനം.

പല എഴുത്തുകാരും, ചിന്തകരും മനുഷ്യ ജീവിതത്തെ യാത്രയോടു ഉപമിക്കാറുണ്ട്. യേശുവിന്റെ ജനനത്തോടനുബന്ധമായി പ്രധാനമായും രണ്ട് യാത്രകൾ നാം കാണുന്നുണ്ട്. ഒന്ന് വൃദ്ധനും നീതിമാനും ആയ യൌസേഫും, തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ട മറിയ എന്ന ഗർഭിണിയായ ഭാര്യയോടൊത്ത് ഗലീലയിലെ നസറേത്ത് പട്ടണത്തിൽ നിന്നും യെഹൂദ്യായിലെ ബേത്ലഹേം എന്ന ദാവീദിൻ പട്ടണത്തിലേയ്ക്കുള്ള യാത്ര. പിതാക്കന്മാർ ഈ യാത്രയെ പലപ്പോഴും തിരസ്കരണത്തിന്റെ യാത്രയായി ചിത്രീകരിക്കാറുണ്ട്. കാരണം, അവർ പിന്നിട്ട വീഥികളിൽ അവർക്കു അഭയം നല്കാൻ ആരും തുനിഞ്ഞില്ല. ലോകത്തിന്റെ രക്ഷകന് ഇടം നല്കാൻ സാധിക്കാത്ത മനുഷ്യ ഹൃദയങ്ങളുടെ വീഥി. അശരണർക്കും ആലംബ ഹീനർക്കും ശരണം നല്കാൻ ഒരുവനു സാധിക്കുമ്പോൾ, അവർക്കു നമ്മളാൽ കഴിയുന്ന ഒരു സഹായം ചെയ്യുവാൻ സാധിക്കുമ്പോൾ മാത്രമേ, മനുഷ്യത്വം



Dr. Mor Athanasius Elias Metropolitan | Patriarchal Centre, Puthencuriz, Kerala – 682308
Mor Sabor Afroth Simhasana Valiya Pally, Simhasanapuram, Thuruthisserry, Mekkad (PO) – 683589
**T:** +91 484 2732804, +91 484 2477580 | **M:** +91 94476 05575
**E:** athanasiusthirumeni@gmail.com | **W:** www.morathanasius.in, www.samithy.org

നിറഞ്ഞ മനുഷ്യനായി ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യരായി നാം മാറുന്നത്. ക്രിസ്തു പിറക്കേണ്ടതു നമ്മുടെ ഹൃദയങ്ങളിലാണ്. മനുഷ്യ ഹൃദയം ഒരു ബേത്‌ലഹേം ആയി മാറണം. ക്രിസ്തു നമ്മിൽ ജനിക്കുമ്പോഴാണ് യഥർത്ത ക്രിസ്തുമസ് അനുഭവം നമ്മിലുണ്ടാകുന്നത്. അല്ലാത്ത പക്ഷം, ഇതു ഒരു ആഘോഷത്തിൽ മാത്രം ഒതുങ്ങി പോകുന്നു. വി. യോഹന്നാൻ 15: 6 ൽ പറയുന്നത് പ്രകാരം നാം ക്രിസ്തുവിലും , ക്രിസ്തു നമ്മിലും വസിക്കുന്ന ആ ദൈവീക അനുഭവം. നമ്മുടെ ജീവിത യാത്ര തിരസ്കരണത്തിന്റെ വീഥികളിലൂടെ ആകാതെ, ദൈവാനുഭവ വീഥികളിലൂടെ ആയിരിക്കണം.

രണ്ടാമതായി, ഹെരോദാവിന്റെ കല്പനയാൽ ക്രിസ്തുവിനെ അന്വേഷിച്ചിറങ്ങിയ വിദ്വാന്മാരുടെ യാത്രയാണ്. അവരുടെ യാത്ര തിരിച്ചറിവിന്റെ വീഥികളിലൂടെ ആയിരുന്നു. കാരണം, വി. മത്തായി 2:12 ൽ ഹെരോദാവിന്റെ അടുക്കൽ മടങ്ങി പോകരുതു എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു, അവർ വേറെ വഴിയായി സ്വദേശത്തേക്കു മടങ്ങിപ്പോയി. എന്തെന്നാൽ, ആ തിരിച്ചറിവു ഉണ്ടായിരുന്നില്ലെങ്കിൽ, അതു നാശത്തിന്റെ വഴികളിലൂടെ ഉള്ള യാത്രയായിരുന്നു. ക്രിസ്തുവിനെ ദർശിച്ചു വണങ്ങിയ അവർ നമുക്കും മാതൃകയാണ്. ക്രിസ്തുവിനെ ദർശിക്കുന്ന നാമും നമ്മുടെ തുടര്ന്നുള്ള ജീവിത വീഥികളെ വിചിന്തനം ചെയ്യണം. അതു നാശത്തിന്റെ വീഥിയാണോ, അതോ നന്മയുടെ വീഥിയിലോ?

ഈ അധുനിക യുഗത്തിൽ, നമ്മെ നമയിൽ നിന്നും അകറ്റുന്ന അനേകം മാർഗ്ഗങ്ങൾ ഉണ്ട്. ദൈവത്തിൽ നിന്നും അകറ്റുന്ന അനേകം വീഥികൾ ഉണ്ട്. ആ വിദ്വാന്മാരെ പോലെ, തിരിച്ചറിവിന്റെ വീഥികളിലൂടെ യാത്ര ചെയ്യാൻ നമുക്കും സാധിക്കണം. എന്തെന്നാൽ വഴിയും, സത്യവും, ജീവനും ക്രിസ്തുവാകുന്നു.

എല്ലാവര്ക്കും എന്റെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ.

ദൈവം അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ തിരുമേനി

…………………*End of Message*…………………



Dr. Mor Athanasius Elias Metropolitan | Patriarchal Centre, Puthencuriz, Kerala – 682308
Mor Sabor Afroth Simhasana Valiya Pally, Simhasanapuram, Thuruthisserry, Mekkad (PO) – 683589
**T:** +91 484 2732804, +91 484 2477580 | **M:** +91 94476 05575
**E:** athanasiusthirumeni@gmail.com | **W:** www.morathanasius.in, www.samithy.org